LIBRARY ARCHIVES Kerala Legislative Assembly

യാത്രകൾക്കിടയിൽ സ്ത്രീകളെ പീഡിപ്പിക്കുന്നത് തടയാൻ സംവിധാനം

35 (1777) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബസ്, ട്രെയിൻ യാത്രകൾക്കിടയിലും പൊതുസ്ഥലങ്ങളിലും വച്ച് സ്ത്രീകളെയും പെൺകുട്ടികളെയും പീഡിപ്പിക്കാൻ ശ്രമിക്കുന്നത് സംബന്ധിച്ച വാർത്തകൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് എന്നറിയിക്കുമോ ;

(സി) പുതുതായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദവിവരം നൽകുമോ ;

(ഡി) ഈ വിഷയത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാറുണ്ടോ ; വിശദീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മൊബൈൽ ഫോൺ ദുരുപയോഗം

36 (1778) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൊബൈൽ ഫോൺ ദുരുപയോഗം ചെയ്ത എത്രപേർക്കെതിരെ ഈ സർക്കാർ കേസ് രജിസ്റ്റർ ചെയ്തു ; വിശദമാക്കുമോ ;

(ബി) ഇത്തരക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ ;

(സി) മൊബൈൽ ഫോൺ ദുരുപയോഗം തടയാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 369 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഇത്തരക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) മൊബൈൽ ഫോൺ ദുരുപയോഗം തടയുന്നതിന് സ്കൂൾ, കോളേജ് തലങ്ങളിൽ ബോധവൽക്കരണക്ലാസുകൾ നടത്തി വരുന്നുണ്ട്. അതുപോലെ പത്ര ദൃശ്യ മാധ്യമങ്ങൾ വഴി മൊബൈൽ ഫോൺ ദുരുപയോഗം ചെയ്യുന്നത് കുറ്റകരമാണെന്നും അതിനുള്ള ശിക്ഷയെക്കുറിച്ചുള്ള വിവരങ്ങളും ഇടയ്ക്കിടെ പ്രസിദ്ധപ്പെടുത്തി വരുന്നുണ്ട്.

സ്ത്രീകൾ പ്രതികളാവുന്ന കുറ്റകൃത്യങ്ങൾ

37 (1779) ശ്രീ. പി. വിജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്ത്രീകൾ പ്രതികളാവുന്ന കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൊലപാതകം, തട്ടിക്കൊണ്ടുപോകൽ, പണം തട്ടിപ്പ്, വിസ തട്ടിപ്പ് എന്നിങ്ങനെ സ്ത്രീകൾ പ്രതികളായുള്ള എത്ര കേസുകൾ കഴിഞ്ഞ 5 വർഷത്തിനിടയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവരുടെ കുടുംബത്തെ സഹായിക്കാൻ പദ്ധതി

38 (1780) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവരുടെ കുടുംബത്തെ സഹായിക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞുവോ ; വിശദാംശങ്ങൾ നൽകുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly